LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ഇ.ബി. മിനിസ്റ്റീരിയൽ സ്റ്റാഫിന് വിദേശത്ത് പോകാൻ ശമ്പളരഹിത അവധി

189 (5594) ശ്രീ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ മിനിസ്റ്റീരിയൽ സ്റ്റാഫിന് വിദേശത്ത് ജോലിക്ക് പോകുന്നതിന് ശമ്പളരഹിത അവധി നൽകുന്നുണ്ടോ ;

(ബി) അഞ്ച് വർഷം ശൂന്യവേതനാവധി എടുത്ത കെ.എസ്.ഇ.ബി-യിലെ മിനിസ്റ്റീരിയൽ സ്റ്റാഫിന് അവധി നീട്ടികൊടുക്കാൻ എന്തെങ്കിലും തടസ്സം ഉണ്ടോ ;

(സി) കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർക്കും എഞ്ചിനീയർമാർക്കും മേലിൽ അവധി നൽകേണ്ടതില്ലെന്നും, അവധി നൽകിയിട്ടുള്ള ഇതേ കാറ്റഗറിയിൽ പെടുന്നവർക്ക് പ്രസ്തുത അവധിയുടെ കാലാവധിക്ക് ശേഷം ഈ ആനുകൂല്യം നീട്ടികൊടുക്കുന്നില്ലെന്നുള്ള ഇലക്ട്രിസിറ്റി ബോർഡിന്റെ തീരുമാനം മിനിസ്റ്റീരിയൽ സ്റ്റാഫിനു ബാധകമാണോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നിലവിലുള്ള വ്യവസ്ഥയനുസരിച്ച് 5 വർഷത്തേക്ക് മാത്രമേ ശൂന്യവേതനാവധി അനുവദിക്കുകയുള്ളൂ.

(സി) ബാധകമാണ്.

കെ.എസ്.ഇ.ബി.യിൽ സീനിയർ സൂപ്രണ്ട് തസ്തികയിലേക്കുള്ള പ്രൊമോഷൻ

190 (5595) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി. ചീഫ് എഞ്ചിനീയർ (എച്ച്.ആർ.എം) യുടെ Endt. No.EB3 (9) 2222/2003 dated 20-12-2003 ഉത്തരവ് പ്രകാരം സൂപ്രണ്ട്/ സീനിയർ- സൂപ്രണ്ട് (എൻ.സി) എന്നീ തസ്തികകളിൽ നിന്നും സീനിയർ സൂപ്രണ്ടുമാരായി എത്ര ആൾക്കാരെ പ്രൊമോട്ട് ചെയ്ത് നിയമിച്ചു ; ഈ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ബി) 20-12-2003-ലെ ഉത്തരവിനു ശേഷം ഇതുവരെ സൂപ്രണ്ട്/ സീനിയർ സൂപ്രണ്ട് (എൻ.സി) എന്നീ തസ്തികകളിൽ നിന്നും സീനിയർ സൂപ്രണ്ടുമാരായി പ്രമോട്ടു ചെയ്തു കൊണ്ടുള്ള എത്ര ബോർഡ് ഉത്തരവുകൾ ഇറക്കിയിട്ടുണ്ട് ; ഇറങ്ങിയ ഉത്തരവുകളുടെ കോപ്പിയും ഉദ്യോഗാർത്ഥികളുടെ പേരും ലഭ്യമാക്കുമോ ;

(സി) 1-1-2000 മുതൽ 30-6-2010 വരെയുള്ള കാലഘട്ടത്തിൽ സൂപ്രണ്ട്/ സീനിയർ സൂപ്രണ്ട് (എൻ.സി) വിഭാഗത്തിൽ ഉള്ള എത്ര ഉദ്യോഗസ്ഥർക്ക് സീനിയർ സൂപ്രണ്ട് പ്രമോഷൻ പല കാരണങ്ങളാലും കിട്ടാത്തവരുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ ; ഇവരുടെ പേരു സഹിതം വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; ഇവർക്ക് പ്രമോഷൻ കൊടുക്കാത്തതിന്റെ കാരണം വിശദമാക്കാമോ ;

(ഡി) 20-12-2003-ലെ ഉത്തരവുകളിലും അതിനുശേഷം നാളിതുവരെ ഇറക്കിയ സൂപ്രണ്ടിൽ നിന്നും സീനിയർ സൂപ്രണ്ടുമാരുടെ പ്രൊമോഷൻ ഉത്തരവുകളിലും തടഞ്ഞുവച്ചിരിക്കുന്ന പ്രമോഷൻ കിട്ടേണ്ട ആളുകൾ എത്ര പേർ, അവരുടെ പേരും ജനനതീയതിയും ഏത് ഓഫീസിൽ ജോലി ചെയ്യുന്നു എന്നും എന്നു മുതലാണ് ഇവരുടെ പ്രൊമോഷൻ തടഞ്ഞുവച്ചിരിക്കുന്നത് എന്നുള്ള വിവരവും വിശദമാക്കുമോ ?

ഉത്തരം

(എ) 291 പേർക്ക് പ്രമോഷൻ നൽകി. ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.*

(ബി) 13 ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പുകൾ (പ്രമോഷൻ നൽകിയവരുടെ പേരുൾപ്പെട്ടിട്ടുള്ള) ഉള്ളടക്കം ചെയ്യുന്നു.*

(സി&ഡി) 1-1-2000 മുതൽ 30-6-2010 വരെ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളിൽ 256 പേരുടെ പ്രമോഷൻ തടഞ്ഞുവെച്ചിട്ടുണ്ടായിരുന്നു. ഇവരുടെ പേര് ലിസ്റ്റ് സഹിതം ഉള്ളടക്കം ചെയ്യുന്നു.* ഇൻകുമ്പൻസി വിവരങ്ങൾ/ വിജിലൻസ് ക്ലിയറൻസ് ലഭിക്കാത്തതിനാലാണ് പ്രമോഷൻ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്ന സമയത്ത് പ്രമോഷൻ നൽകാത്തത്. അതിനുശേഷം പ്രമോഷൻ തടഞ്ഞു വച്ചിരിക്കുന്ന ജീവനക്കാർ ഇല്ല.

കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലെ ഒഴിവുകൾ

191 (5596) ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സ്മുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യിൽ അസിസ്റ്റന്റ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ട് ;

(ബി) നിലവിലുള്ള ഒഴിവുകളിൽ പി.എസ്.സി.-ക്ക് എത്ര എണ്ണം റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(സി) പ്രസ്തുത ഒഴിവുക്കളിലേക്ക് പി.എസ്.സി. നിയമന അഡ്വൈസ് നൽകിയിട്ടുണ്ടോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly